സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

തിരുവിതാംകൂർ ദേവസ്വം ബോർഡ് ക്ഷേത്ര ജീവനക്കാരെ ക്ലാസ്ഫോർ ജീവനക്കാരായി അംഗീകരിക്കൽ - 14-03-2017 മുതൽ 30-06-2017 വരെയുള്ള കാലയളവിൽ സർവ്വീസിൽ നിന്നും വിരമിച്ചവരുടെ പെൻഷൻ കമ്മ്യൂട്ടേഷൻ - മെഡിക്കൽ പരിശോധന ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: **ROC 15691/15/Est-1** നന്തൻകോട്, **23-01-2019**

---

പരാമർശം :- 1) 14-03-2017 ലെ മേൽ നമ്പർ ബോർഡുത്തരവ്.
2) 06-07-2017 ലെ മേൽ നമ്പർ ബോർഡുത്തരവ്.
3) 21-08-2018 ലെ മേൽ നമ്പർ ബോർഡുത്തരവ്.
4) ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ 24-12-2018 ലെ DA 843/18/D-1 നമ്പർ റിപ്പോർട്ട്.

## ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ക്ഷേത്ര ജീവനക്കാരെ 01-07-2017 മുതൽ ക്ലാസ്ഫോർ ജീവനക്കാരായി അംഗീകരിച്ചും, ആനുകൂല്യങ്ങൾ 01-07-2017 മുതൽ നൽകുന്നതിന് അനുവദിച്ചും പരാമർശം 1, 2 ഉത്തരവുകൾ പുറപ്പെടുവിച്ചിരുന്നു.

തുടർന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി വിധിന്യായ പ്രകാരം 14-03-2017 -ൽ സർവ്വീസിലുണ്ടായിരുന്ന എല്ലാ ക്ഷേത്ര ജീവനക്കാരെയും ക്ലാസ്ഫോർ ജീവനക്കാരായി അംഗീകരിച്ചും, പരാമർശം 2 ഉത്തരവനുസരിച്ചുള്ള ആനുകൂല്യങ്ങൾ നൽകുന്നതിന് അനുവദിച്ചും പരാമർശം 3 ഉത്തരവ് പുറപ്പെടുവിച്ചു. പ്രസ്തുത ഉത്തരവ് പുറപ്പെടുവിക്കുന്നതിന് മുൻപായി 14-3-2017 മുതൽ 30-6-2017 വരെ വിരമിച്ചവർക്ക് പെൻഷൻ, ഗ്രാറ്റുവിറ്റി എന്നിവ നൽകിയിരുന്നു. കമ്മ്യൂട്ടേഷന് അർഹതയുണ്ടായിരുന്നില്ല.

പരാമർശം 3 ഉത്തരവിന്റെ അടിസ്ഥാനത്തിൽ, മേൽ പ്രതിപാദിച്ച കാലയളവിൽ വിരമിച്ചവർക്ക് ഗ്രാറ്റുവിറ്റിയ്ക്ക് ക്ഷാമബത്ത കൂടി പരിഗണിക്കുകയും ഗ്രാറ്റുവിറ്റിയ്ക്ക് നിശ്ചയിച്ചിരുന്ന പരിധി ഒഴിവായിട്ടുള്ളതുമാണ്. അതിൻപ്രകാരം ഗ്രാറ്റുവിറ്റി ഇനത്തിൽ അർഹമായ തുക തിട്ടപ്പെടുത്തി ബാക്കി തുക നൽകുന്നതിൽ തടസ്സമില്ലായെന്നും, എന്നാൽ ചട്ടങ്ങൾ (KSR Part 3 Appendix X Part B) പ്രകാരം റിട്ടയർമെന്റ് തീയതി കഴിഞ്ഞ് ഒരു വർഷത്തിനുശേഷമാണ് കമ്മ്യൂട്ടേഷന് അപേക്ഷിക്കുന്നതെങ്കിൽ മെഡിക്കൽ പരിശോധന അനിവാര്യമാണെന്നും 14-03-2017 ൽ സർവ്വീസിലുണ്ടായിരുന്ന എല്ലാ ക്ഷേത്രജീവനക്കാരെയും ക്ലാസ്ഫോർ ജീവനക്കാരായി അംഗീകരിച്ചുകൊണ്ടുള്ള പരാമർശം 3 ഉത്തരവ് പുറപ്പെടുവിച്ചത്

(മറുപുറം)

E.OP

21-08-2018 ൽ ആണെന്നതിനാൽ 14-3-2017 മുതൽ 30-6-2017 വരെയുള്ള കാലയള വിൽ സർവ്വീസിൽ നിന്നും വിരമിച്ചവർക്ക്, വിരമിച്ച് ഒരു വർഷത്തിനുള്ളിൽ കമ്മ്യൂട്ടേഷന് അപേക്ഷിക്കാൻ സാധിക്കാതെ വന്നിട്ടുള്ളതായും അതിനാൽ ടിയാളുകളുടെ പെൻഷൻ കമ്മ്യൂട്ടേഷന്റെ കാര്യത്തിൽ മെഡിക്കൽ പരിശോധന ഒഴിവാക്കുന്നത് ഉചിതമായിരിക്കുമെന്നും വിവരിച്ചുള്ള ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ റിപ്പോർട്ട് ലഭിച്ചു (പരാമർശം -4).

ടി വിഷയം ബോർഡ് വിശദമായി പരിശോധിച്ച് ചർച്ച ചെയ്തു.

പരാമർശം 3 ഉത്തരവിന്റെ പരിധിയിൽ വരുന്ന കാലയളവിൽ സർവ്വീസിൽ നിന്നും വിരമിച്ച ക്ഷേത്ര സർവ്വീസ് ജീവനക്കാരുടെ വിരമിക്കൽ തീയതി കഴിഞ്ഞ് ഒരു വർഷത്തിനുശേഷമാണ് ബഹു: ഹൈക്കോടതി വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത് എന്നതിനാൽ ടി ഉത്തരവിന്റെ പരിധിയിൽ വരുന്ന 14-03-2017 മുതൽ 30-06-2017 വരെയുള്ള കാലയളവിൽ സർവ്വീസിൽ നിന്നും വിരമിച്ച ക്ഷേത്ര സർവ്വീസ് പെൻഷൻകാരുടെ പെൻഷൻ കമ്മ്യൂട്ടേഷന്റെ കാര്യത്തിൽ മെഡിക്കൽ പരിശോധന ഒഴിവാക്കിയും റിട്ടയർമെന്റ് തീയതിയുടെ തൊട്ടടുത്ത ജനന തീയതിയിലെ വയസ് (റിട്ടയർമെന്റ് വയസ് 56 ആയതിനാൽ 57 വയസ്) ന് കമ്മ്യൂട്ടേഷൻ ടേബിൾ പ്രകാരമുള്ള കമ്മ്യൂട്ടേഷൻ ഫാക്റ്റർ -ന്റെ അടിസ്ഥാനത്തിൽ കമ്മ്യൂട്ടേഷൻ തുക കണക്കാക്കി നൽകുന്നതിന് അനുവദിച്ചും ബോർഡുത്തരവാകുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

(ഒപ്പ്)
സെക്രട്ടറി

പകർപ്പ് :-

1. ദേവസ്വം കമ്മീഷണർ
2. ജോയിന്റ് ഡയറക്ടർ, സംസ്ഥാന ആഡിറ്റ് വിഭാഗം, തിരുവിതാംകൂർ ദേവസ്വം ബോർഡ്
3. ഫിനാൻസ് & അക്കൗണ്ട്സ് ആഫീസർ
4. ദേവസ്വം അക്കൗണ്ട്സ് ആഫീസർ
5. ഡയറക്ടർ, സാംസ്കാരിക-പുരാവസ്തു വിഭാഗം
6. എല്ലാ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാർക്കും
7. എല്ലാ ഗ്രൂപ്പ് അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാർക്കും
8. എല്ലാ അസിസ്റ്റന്റ് ദേവസ്വം അക്കൗണ്ട്സ് ആഫീസർമാർക്കും
9. ഇ.ഡി.പി. സെക്ഷൻ
10. സെക്ഷൻ ഫയൽ
11. ഫയൽ ബുക്ക്
12. ഫെയർ ഓഫീസ് കോപ്പി

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

Rajini

അസിസ്റ്റന്റ് സെക്രട്ടറി

SK